ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം ഇൻഡോ നോർവീജിയൻ പ്രോജക്ടിന്റെ സഹായത്തോടും സാങ്കേതിക ഉപദേശത്തിലും 1963-ൽ ആണ് ആരംഭിച്ചത്. ഈ പദ്ധതിയുടെ ആയിരം അടി നീളത്തിൽ ബ്രേക്ക്വാട്ടർ കെട്ടേണ്ടതിൽ 800 അടി പൂർത്തിയായപ്പോഴും ഹാർബർ ബെയിസിൽ വർദ്ധിച്ച മണൽക്കയറ്റം ഉണ്ടായതിനാൽ 1969-ൽ നിർത്തിവച്ചു. ഈ വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോഴും ബ്ലാക്കിയുള്ള ജോലികളും വിശദമായ മാതൃകാപഠനം നടത്തിയതിനു ശേഷം മാത്രം മതിയെന്ന് അവർ അഭിപ്രായം രേഖപ്പെടുത്തിയതനുസരിച്ച് ശേഖരിച്ച വിവരങ്ങളും മാതൃകാപഠനത്തിനായി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് അയച്ചുകൊടുത്ത് 1985 ജൂണിൽ ലഭിച്ച മാതൃകാ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചതനുസരിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കയാണ്. ഇക്കാരണങ്ങളാലാണ് പ്രസ്തുത പദ്ധതിയുടെ പണി സ്തംഭനത്തിലായത്.

(സി) സമീപിച്ചിരുന്നു.

(ഡി) ഉണ്ട്.

(ഇ) 'ബി' വിഭാഗത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ചതുപോലെ. കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച പദ്ധതിയുടെ വിശദമായ മാതൃകാപഠനം നടത്തുകയും 1985 ജൂണിൽ ലഭിച്ച മാതൃകാ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി വരികയുമാണ്.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത ഹാർബറിനുവേണ്ടി 17-6-1985-ൽ ലഭിച്ച മാതൃകാപഠന റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന പണികളും ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

1. 130 മീറ്റർ നീളത്തിൽ മെയിൻ ബ്രേക്ക് വാട്ടർ ദീർഘിപ്പിക്കൽ.
2. ലീവേർഡ് ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം
3. തിരമാലകളും വഹിക്കുന്ന മണൽ നിക്ഷേപിക്കപ്പെടാനും അവിടെനിന്നും ഇവ ഡ്രഡ്ജ് ചെയ്ത് നീക്കപ്പെടാനും ഉതകുന്ന സിൽറ്റ് ട്രാപ്പിന്റെ നിർമ്മാണം.

ഇവയെല്ലാം ചെയ്യുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ വേഗത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഹാർബറിന്റെ പ്രവേശനത്തിൽ ബോട്ടുകൾക്കുള്ള സ്ഥിതി, തിരമാലകളുടെ സ്വഭാവം തുടങ്ങിയ ചില കാര്യങ്ങളും കൂടി മാതൃകാപഠനത്തിന് വിധേയമാക്കാൻ റിസർച്ച് സ്റ്റേഷനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ

756. [1244] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മീൻ വളർത്തൽ കേന്ദ്രങ്ങൾ ഏതെല്ലാം ;

(ബി) മീൻ കുഞ്ഞുങ്ങളെ വിരിയിക്കുന്ന കേന്ദ്രങ്ങൾ എവിടെയെല്ലാം ഉണ്ട് ;

(സി) മീൻ വളർത്തൽ കേന്ദ്രത്തിലേക്ക് എവിടെനിന്നെല്ലാം മീൻ കുഞ്ഞുങ്ങളെ എത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ മീൻ വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലമ്പുഴ, പോളച്ചിറ, പന്നിവേലിച്ചിറ, പരപ്പനങ്ങാടി എന്നിവയാണ് മീൻ വളർത്തൽ കേന്ദ്രങ്ങൾ.

(ബി) മലമ്പുഴയിലും, പോളച്ചിറയിലും ഉണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ അഴിക്കോട് എന്ന സ്ഥലത്ത് ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഒരു ഹാച്ചറിയും ഉണ്ട്.

(സി) പുറമെനിന്ന് മീൻ കുഞ്ഞുങ്ങളെ മീൻ വളർത്തൽ കേന്ദ്രത്തിലേക്ക് കൊണ്ടുവരാറില്ല. മത്സ്യകുഞ്ഞുങ്ങളെ കൃത്രിമമായി ഉൽപാദിപ്പിച്ച് വിരിയിച്ചെടുക്കുകയാണ് ചെയ്യുന്നത്.

(ഡി) കണ്ണൂർ ജില്ലയിൽ പുതുതായി മീൻ വളർത്തൽ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശമുണ്ട്.

കേരളത്തിലെ വിതരണത്തിനാവശ്യമായ പാൽ

757. [1246] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിതരണത്തിനാവശ്യമായ പാൽ എത്രയെന്നും ലഭിക്കുന്നതെത്രയെന്നും വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ പാൽ വിതരണം ലാഭമോണോ ; അതോ നഷ്ടമാണോ ; ലാഭമോ നഷ്ടമോ എത്രയെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പട്ടണപ്രദേശങ്ങളിൽ വിതരണത്തിനാവശ്യമായ പാൽ പ്രതിദിനം 4.2 ലക്ഷം ലിറ്റർ ആണെന്നു കണക്കാക്കിയിരിക്കുന്നു. 1.40 ലക്ഷം ലിറ്റർ പാൽ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വഴി വിതരണം ചെയ്യുന്നു.

(ബി) തിരുവനന്തപുരം ഡയറി ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 1-10-1985 മുതൽ 30-6-1986 വരെയുള്ള കാലയളവിൽ 3.49 ലക്ഷം രൂപ ലാഭം ഉണ്ടായിട്ടുണ്ട്.

ദേവസ്വംബോർഡ് തിരഞ്ഞെടുപ്പിൽ നിയമസഭാ സാമാജികൻമാരുടെ വോട്ടവകാശം

758. [1247] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേവസ്വംബോർഡിലേക്കുള്ള തിരഞ്ഞെടുപ്പിൽ നിയമസഭാ സാമാജികൻമാർക്ക് വോട്ടവകാശം ലഭിക്കണമെങ്കിൽ മതവിശ്വാസിയാണെന്നുള്ള ഡിക്ലറേഷൻ നൽകണമെന്ന വ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ട് ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുണ്ടോ ?

ഉത്തരം

ഉണ്ട്. (സുപ്രീം കോടതിയിൽ)

പഞ്ചായത്തുകളുടെ രൂപീകരണം

759. [1248] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :

LIBRARY ARCHIVES Kerala Legislative Assembly